"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന സർക്കാർ ജീവനക്കാർക്ക് യാത്രാബത്തയും സ്പെഷ്യൽ കാഷ്വൽ ലീവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സർവീസസ് - ഡി) വകുപ്പ്**

സ.ഉ.(അച്ചടി) നം.16/2023/GAD തീയതി,തിരുവനന്തപുരം, 04-09-2023

---

പരാമർശം:-

1. 26/12/1986 ലെ സ.ഉ.(പി) നം.496/86/പൊഭവ.
2. 28/10/2004 ലെ സ.ഉ.(സാധാ) നം. 7827/2004/പൊഭവ.
3. 15/07/2019 ലെ സ.ഉ.(പി) നം.8/2019/പൊഭവ.
4. 24/04/2020 ലെ സ.ഉ.(പി) നം.8/2020/പൊഭവ.
5. 30/08/2022 ലെ സ.ഉ.(സാധാ) നം. 3780/2022/പൊഭവ.
6. 20/10/2022 ലെ സ.ഉ.(സാധാ) നം. 4469/2022/പൊഭവ.
7. സെക്രട്ടറി, സെക്രട്ടേറിയറ്റ് സ്പോർട്സ്അസോസിയേഷൻ 04/02/2023 ലെ 11/എസ്എസ്എകെ/2023 നമ്പർ നിവേദനം.
8. പ്രസിഡന്റ്, കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ സമർപ്പിച്ച 03/08/2023 ലെ നിവേദനം.

**<u>ഉത്തരവ്</u>**

കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ & ട്രയിനിംഗ്, പബ്ലിക് ഗ്രീവൻസ് & പെൻഷൻസ് മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ സിവിൽ സർവ്വീസസ് കൾച്ചറൽ & സ്പോർട്സ് ബോർഡ് എല്ലാ വർഷവും കേന്ദ്ര - സംസ്ഥാന സർക്കാരുകളിലെ ജീവനക്കാർക്കായി ദേശീയ സിവിൽ സർവ്വീസസ് മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത മത്സരങ്ങളിൽ പങ്കെടുക്കുന്നതിലേക്ക് ജീവനക്കാരെ തിരെഞ്ഞെടുക്കുന്നതിനായി സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളും സെലക്ഷൻ ട്രയൽസും നടത്തിവരുന്നുണ്ട്. പരാമർശം (1) പ്രകാരം ദേശീയ - സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളിൽ ജീവനക്കാർ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2), (3), (4), (5), (6) എന്നിവ പ്രകാരം പരാമർശം (1) ലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വിവിധ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കണമെന്നും ആയതിന്റെ ആനുകൂല്യം 2022 നവംബർ, ഡിസംബർ മാസങ്ങളിൽ നടന്ന സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുത്തവർക്ക് കൂടി ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് പരാമർശം (7), (8) എന്നിവ പ്രകാരം നിവേദനങ്ങൾ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

പരാമർശത്തിലെ ഉത്തരവുകളിൽ ചുവടെ ചേർക്കും പ്രകാരം അധിക മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ജില്ലാ തല സെലക്ഷന് ശേഷം സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങൾക്ക് യോഗ്യത നേടിയ സർക്കാർ ജീവനക്കാർക്ക് ജില്ലയിലെ പ്രാപ്തനായ അധികാരി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥിയുടെ നിയന്ത്രണ അധികാരി നൽകുന്ന രേഖാമൂലമുള്ള ഉത്തരവിന്റെ പിൻബലത്തിൽ മാത്രം സംസ്ഥാനതല സെലക്ഷൻ ട്രയൽസ് / സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുക്കാൻ അനുമതി നൽകേണ്ടതാണ്.
2. ഇത്തരത്തിൽ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കുന്ന ജീവനക്കാർക്ക് ബന്ധപ്പെട്ട മത്സരയിനം നടത്തപ്പെടുന്ന തീയതിയും യാത്രാസമയവും സ്പെഷ്യൽ കാഷ്വൽ ലീവും രണ്ടാം ക്ലാസ് ട്രെയിൻ നിരക്കിൽ യാത്രാബത്തയും അനുവദിക്കാവുന്നതാണ്.
3. 2022 നവംബർ - ഡിസംബർ മാസങ്ങളിലായി നടന്ന സംസ്ഥാന സിവിൽ സർവ്വീസ് മത്സരങ്ങളിൽ പങ്കെടുത്തവർക്കും ഈ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്.

മേൽ അധിക മാർഗ്ഗനിർദ്ദേശങ്ങളോടെ പരാമർശത്തിലെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുധ .ബി**

**ജോയിന്റ് സെക്രട്ടറി**

1. സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പടെ എല്ലാ വകുപ്പുകളിലെയും എല്ലാ സെക്ഷനുകൾക്കും. (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
2. എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും ഓഫീസ് മേധാവികൾക്കും. (ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന)
3. എല്ലാ ജില്ലാ കളക്ടർമാർക്കും.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് മുഖേന)
7. സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് മുഖേന)
8. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് മുഖേന)
9. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് മുഖേന)
10. ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
11. സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
12. എല്ലാ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിമാർക്കും. (സെക്രട്ടറി, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന)
13. സെക്രട്ടറി, സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ, തിരുവനന്തപുരം.
14. പ്രസിഡന്റ്, കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ, തിരുവനന്തപുരം.
15. ധനകാര്യ (വ്യയം - എ) വകുപ്പ്. (18/07/2023 ലെ 2276553 : EXP-A2/641/2022-FIN പ്രകാരം)
16. പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.

17. ഐ&പി ആർ വെബ് ന്യൂ മീഡിയ.
18. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (എസ്ഡി1/265/2022/പൊഭവ)

ഉത്തരവിൻ പ്രകാരം

Signed by

Many G.

Date: 05-09-2023 11:38:12

സെക്ഷൻ ഓഫീസർ